ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

വനംമേഖലയിലെ നിയമപാലനം

6 (764) ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം മേഖലയിൽ നിന്നും മരംമുറിച്ചു കൊണ്ടു പോകുന്നതിന് നിലവിലുള്ള നിയമം കൃത്യമായി പാലിക്കാത്ത കേസുകൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ അത്തരം എത്ര കേസുകൾ കണ്ടു പിടിച്ചിട്ടുണ്ട് ;

(സി) ഇക്കാര്യത്തിൽ നിയമം കൃത്യമായി പാലിക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7994

(സി) ഉണ്ട്.

(ഡി) വിശദവിവരം ശേഖരിച്ചു വരുന്നു.

വനപ്രദേശത്തുള്ള നദികളിലെ മണൽവാരൽ

7 (765) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപ്രദേശത്തുള്ള നദികളിൽ നിന്ന് മണൽ ശേഖരിച്ച് കൊണ്ടു പോയ എത്രസംഭവം ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഉണ്ടായിട്ടുണ്ട് ;

(ബി) ഓരോ സംഭവത്തിലും എത്ര ക്യൂബിക് മീറ്റർ വീതം മണൽ ശേഖരിച്ചിട്ടുണ്ട് ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയില്ലാതെ വനത്തിലുള്ള നദികളിൽ നിന്ന് വൻതോതിൽ മണൽ ശേഖരിച്ച സംഭവം ഇക്കാലത്തുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അപ്രകാരം മണൽ ശേഖരിച്ചത് എപ്പോഴെല്ലാമാണ് ;

(ഇ) വനത്തിലുള്ള നദികളിൽ നിന്ന് മണൽ ശേഖരിച്ചതിന്റെ പേരിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്കെതിരെ ഈ കാലത്ത് വിജിലൻസ് കേസെടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

വനംവകുപ്പിന്റെ കീഴിലുള്ള റോഡുകൾ

8 (766) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കേരള വനം വകുപ്പിന്റെ അധീനതയിൽ വരുന്ന ഏതെല്ലാം റോഡുകളും റോഡുകളുടെ ഭാഗങ്ങളുമാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഓരോ ഇനത്തിലും 2000-2001 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു ; ഏതെല്ലാം കാര്യങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഭാഗത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിന് നടപടി കൈക്കൊള്ളാമോ ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ കേരള വനംവകുപ്പിന്റെ അധീനതയിൽ ഉൾപ്പെടുന്ന പ്രധാന ഫോറസ്റ്റ് റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.

കുമ്മണ്ണൂർ ആദിച്ചൻപാറ	7 കി.മീ
കുമ്മണ്ണൂർ-ഉമയൻകുപ്പ	4 കി.മീ
കുമ്മണ്ണൂർ-നടുവത്തുമൂഴി-മുണ്ടോമൂഴി	14 കി.മീ
അതുമ്പുംകുളം-ആവോലിക്കുഴി കാക്കര-തവളപ്പാറ	5 കി.മീ
അള്ളൂർ-ഉടുംബനൂർ പേരുവാലി	8 കി.മീ
പയ്യനാമൺ-തവളപ്പാറ	3 കി.മീ
അള്ളൂർ	9 കി.മീ
മുണ്ടോമൂഴി പഞ്ചായത്തുകടവ്	0.205 കി.മീ
കോന്നി ഡിവിഷൻ കോന്നി സി. എഫ്. ബംഗ്ലാവ്	0.6 കി.മീ
ഗവൺമെന്റ് ഹോസ്പിറ്റൽ ആനക്കൂട്	0.7 കി.മീ
മണ്ണീറ തലമാനം അപ്പൂപ്പൻതോട്-കോട്ടാംപാറ	14 കി.മീ
തലമാനം-ഊപ്പത്ത്	5 കി.മീ
മുരുപ്പു കാഞ്ഞിരപ്പാറ-നീരാമക്കുളം	4 കി.മീ
കൊക്കാത്തോടുമൂഴി-കരിപ്പാൻതോട്	8 കി.മീ
അള്ളുങ്കൽ-നിരത്തുപാറ	7 കി.മീ

LIBRARY ARCHIVES Kerala Legislative Assembly